പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 851

08/01/2014-ൽ

മറുപടിയ്ക്കു്

## പമ്പ, ശബരിമല എന്നിവിടങ്ങളിൽ നടപ്പാക്കിയ വികസന പദ്ധതികൾ

ചോദ്യം

ഉത്തരം

ശ്രീ. സി. ശിവൻകുട്ടി

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

2013-2014 ലെ മണ്ഡല പൂജാകാലത്ത് പമ്പ, ശബരിമല എന്നിവിടങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കിയ വികസന പദ്ധതികളെ സംബന്ധിച്ച് തുക, പദ്ധതി ഇനം, തീയതി എന്നിങ്ങനെയുള്ള വിശദാംശം ലഭ്യമാക്കുമോ?

2013-2014 മണ്ഡല പൂജകാലത്ത് പമ്പ, ശബരിമല എന്നിവിടങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് താഴെ പറയുംപ്രകാരം വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതികൾ | തുകയും തീയതിയും |
|---|---|---|
| 1 | ശബരിമലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി 20 ലക്ഷം ലിറ്റർ വീതം വെള്ളം സംഭരിക്കാവുന്ന രണ്ട് വാട്ടർ ടാങ്കുകൾ നിർമ്മിച്ചു | 2,50,00,000/- രൂപ (30/12/2013) |
| 2 | അയ്യപ്പൻമാർക്ക് താമസിക്കുന്നതിനു വേണ്ടി 3 കെട്ടിടങ്ങൾ (ഡി.എച്ച്.1, ഡി.എച്ച്-2, ഡി.എച്ച്-3) എന്നിവ ആധുനിക രീതിയിൽ നവീകരിച്ചു. | 1,50,00,000/- രൂപ 13/11/2013 (ഡി.എച്ച്-1) 20/11/2013 (ഡി.എച്ച്- 2&3) |
| 3 | മാളികപ്പുറത്തു നിന്നും അന്നദാന മണ്ഡപം, അരവണ, അപ്പം കൗണ്ടറുകൾ എന്നിവിടങ്ങളിലേക്ക് പോകുവാൻ പുതിയ ഫ്ലൈ ഓവർ നിർമ്മിച്ചു. | 45,00,000/- രൂപ 10/11/2013 |
| 4 | പമ്പയിൽ നിന്നും സന്നിധാനത്തേക്ക് വരുന്ന അയ്യപ്പന്മാർക്കും ദർശനം കഴിഞ്ഞ് തിരികെ പോകുന്ന അയ്യപ്പൻമാർക്കും തിക്കും തിരക്കും കൂടാതെ കടന്നുപോകുന്നതിന് മരക്കൂട്ടത്ത് അണ്ടർ പാസേജും പുതിയ ബാരിക്കേഡുകളും നിർമ്മിച്ചു. | 1,50,00,000/- രൂപ 15/11/2013 |

| | | |
|---|---|---|
| 5 | ശബരിമലയിൽ മാളികപ്പുറം ക്ഷേത്രത്തിന് പുറകിലായി 2500 ചതുരശ്ര അടി വീതം വിസ്തീർണ്ണമുള്ള രണ്ട് അന്നദാന മണ്ഡപങ്ങളുടെ നിർമ്മാണം ആരംഭിച്ചു. | 6,00,00,000/- രൂപ 03/10/2013 |
| 6 | സ്വാമി അയ്യപ്പൻ റോഡ് കോൺക്രീറ്റ് ചെയ്ത് നവീകരിച്ചു. | 2,00,00,000/- രൂപ 10/11/2013 |
| 7 | നിലയ്ക്കലിൽ ജലക്ഷാമം ഒഴിവാക്കുന്ന തിനായി 10 ലക്ഷം ലിറ്റർ ജലം സംഭരിക്കുന്നതിനുള്ള ടാങ്കും ആയതി ലേക്ക് വെള്ളം എടുക്കുന്ന തിന് ഒരു കിണറും പമ്പുസെറ്റും സ്ഥാപിച്ചു. | 80,00,000/- രൂപ 25/12/2013 |

സെക്ഷൻ ഓഫീസർ